പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2387 08.07. 2015 ൽ മറുപടിക്ക്.

## അസംഘടിതമേഖലകളിലെ തൊഴിലാളികളുടെ ക്ഷേമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) തുണിക്കടകൾ, സൂപ്പർ മാർക്കറ്റുകൾ, പെട്രോൾ പമ്പുകൾ, ജ്വല്ലറികൾ തുടങ്ങിയ പല തൊഴിൽ മേഖലകളിലും സ്ത്രീകൾ ഉൾപ്പെടെയുള്ള ജോലിക്കാർക്ക് ഇരിക്കുന്നതിനോ മതിയായ വിശ്രമത്തിനോ ഉള്ള സാഹചര്യം നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(ബി) പ്രസ്തുത തൊഴിൽ മേഖലകളിലെല്ലാം അധികസമയ ജോലി ചെയ്യേണ്ടി വരാറുണ്ടെന്നും ആയത് അവരുടെ ആരോഗ്യത്തെ സാരമായി ബാധിക്കാറുണ്ടെന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) പ്രസ്തുത തൊഴിലാളികൾക്ക് മതിയായ വിശ്രമം ലഭിക്കുന്നതിനും അർഹമായ വേതനം ലഭിക്കുന്നതിനും ആവശ്യമായ ഇടപെടലുകൾ നടത്തുമോ ? | (സി) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ, സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്. കൂടാതെ തൊഴിലാളികൾക്ക് തൊഴിൽ പരിരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് വിശ്രമത്തിനും, വിശ്രമ വേളകളിൽ ഇരിക്കാനുമുള്ള സൗകര്യം കൂടി തൊഴിലുടമ സ്ഥാപനത്തിൽ നൽകണമെന്ന വ്യവസ്ഥയും, ക്രെഷ്, ടോയ്‌ലെറ്റ് സൗകര്യം സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ഉൾപ്പെടുത്തി 1960-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള വിജ്ഞാപനം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |

നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള വിജ്ഞാപനം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അനുബന്ധ ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് പ്രാഥമിക വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത ഭേദഗതി പ്രകാരം ജീവനക്കാരുടെ എണ്ണത്തിന് ആനുപാതികമായി വിശ്രമ മുറികൾ ഓരോ സ്ഥാപനത്തിലും ഉടമ ഏർപ്പെടുത്തേണ്ടതാണ്. ആയത് സ്ഥാപനത്തിലോ സ്ഥാപനത്തിനോട് ചേർന്നോ ആകേണ്ടതും സ്ത്രീ തൊഴിലാളികൾക്കും പുരുഷ തൊഴിലാളികൾക്കും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കേണ്ടതുമാണ്. കൂടാതെ തൊഴിലാളികൾക്ക് കുടിവെള്ളം, ഇരിക്കുന്നതിനാവശ്യമായ കസേരകൾ, ഭക്ഷണം കഴിക്കുന്നതിനും മറ്റും ആവശ്യമായ മേശകൾ ഇവയും വിശ്രമ മുറികളിൽ സജ്ജീകരിക്കേണ്ടതാണ്. കൂടാതെ വിശ്രമ മുറികളോട് ചേർന്ന് ശൗചാലയങ്ങളും നിർബന്ധമായും ഏർപ്പെടുത്തേണ്ടതാണ്.

നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി തൊഴിലാളികൾക്ക് വിശ്രമവേളകളിൽ ഇരിക്കുന്നതിനുള്ള സാഹചര്യം നൽകുവാൻ തൊഴിലുടമകൾ നിർബന്ധിതരാകും.

സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനായുള്ള വേതന സുരക്ഷാ പദ്ധതി (ഇ-പേയ്മെന്റ്) നടപ്പിലാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചു വരുന്നു. വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതോടു കൂടി സ്വകാര്യ മേഖലയിലെ ജീവനക്കാർക്ക് മിനിമം വേതനം ഉറപ്പു വരുത്താനും ആയത് സ്ഥാപനത്തിൽ പോകാതെ പരിശോധിക്കുന്നതിനും, വേതനം കുറവാണെങ്കിൽ ഓൺലൈൻ മുഖേന സ്റ്റേറ്റ്മെന്റ് എടുത്ത് ഇൻസ്പെക്ടർമാർക്ക് നിയമ നടപടികൾ സ്വീകരിക്കുന്നതിനും കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ